നമ്പർ.എൻ.എം.6/65975/2012

വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,

തിരുവനന്തപുരം, തീയ്യതി: 19.01.2013.

# സർക്കുലർ

വിഷയം:- വിഫ്സ് പ്രോഗ്രാം-പ്രതിവാര അയൺഫോളിക് വിതരണ പ്രോഗ്രാം-സംബന്ധിച്ച്-

സൂചന:- 10.01.2013-ന് പ്രിൻസിപ്പിൾ സെക്രട്ടറി സോഷ്യൽ വെൽഫയർ നടത്തിയ യോഗത്തിന്റെ മിനുട്ട്സ്.

വിദ്യാഭ്യാസ വകുപ്പിന്റെയും സാമൂഹ്യനീതിവകുപ്പിന്റേയും സഹകരണത്തോടെ (എൻ. ആർ.എച്ച്.എം. ന്റെ കൗമാരആരോഗ്യവിഭാഗത്തിന്റെ നിർദ്ദേശപ്രകാരം) സംസ്ഥാന ആരോഗ്യവ കുപ്പ് നടപ്പിലാക്കുന്ന പോഷകവിതരണപദ്ധതിയാണ് അയൺഫോളിക്ആസിഡ് ഗുളികകളുടെ പ്രതിവാരവിതരണപദ്ധതി. സംസ്ഥാനത്തെ പത്തുമുതൽ പത്തൊൻപതുവയസ്സുവരെ പ്രായമുള്ള കൗമാരക്കാരായ ആൺകുട്ടികളിലും പെൺകുട്ടികളിലും അയണിന്റെ കുറവുമൂലം ഉണ്ടാകുന്ന അനീമിയ(വിളർച്ച) തടയുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. സ്ത്രീകളുടെയും കുട്ടികളു ടെയും ജീവിത ചക്രത്തിന് ആദ്യന്തം സ്വാധീനിക്കുന്ന ഗുരുതരമായ ആരോഗ്യപ്രശ്നമാണ് അനീ മിയ. അനീമിയമൂലം ആൺകുട്ടികളിലും പെൺകുട്ടികളിലും ഉണ്ടാകുന്ന ആരോഗ്യപ്രശ്നങ്ങൾ നിരവധിയാണ്. വളർച്ച മുരടിപ്പ്, പഠനവൈകല്യം, ദൈനംദിനപ്രവർത്തികളിലുള്ള ശ്രദ്ധക്കുറവ്, ശാരീരികക്ഷമത കുറവുമൂലം ജോലിയിൽ താല്പര്യക്കുറവ് എന്നിവ ഉദാഹരണങ്ങളാണ്.

പോഷകാഹാരത്തെക്കുറിച്ചും അയൺ അഥവാ ഇരുമ്പുസത്ത് അടങ്ങിയ ആഹാരസാധന ങ്ങൾ ധാരാളമായി കഴിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും അനീമിയ തടയുന്നതിന് ശീലി ക്കേണ്ട ഭക്ഷണരീതികളെക്കുറിച്ചും കൗമാരക്കാർക്ക് അറിവ് പകരാനും ഇരുമ്പുസത്തടങ്ങിയ ആഹാരങ്ങളുടെ സമൃദ്ധമായ ഉപയോഗം ഒരു ശീലമാക്കാൻ കുട്ടികളെ പ്രാപ്തരാക്കാനും ഈ പദ്ധതി ലക്ഷ്യമിടുന്നു.

കൗമാരപ്രായം വളർച്ചയുടെ ഒരു നിർണ്ണായകഘട്ടമായതിനാൽ അനീമിയ കണ്ടെത്തി തട യുന്നതിനുള്ള ഏറ്റവും അനുയോജ്യമായ സമയവും ഇതുതന്നെയാണ്. കൗമാരപ്രായക്കാരായ കുട്ടികൾക്ക് അനീമിയെക്കുറിച്ചുള്ള വിവരങ്ങൾ നല്കി ഈ പദ്ധതി ഫലപ്രാപ്തിയിലെത്തിക്കാൻ ഏറ്റവും എളുപ്പത്തിൽ കഴിയുന്നത് അധ്യാപകർക്കാണ്. ആരോഗ്യം, വിദ്യാഭ്യാസം, സോഷ്യൽ ജസ്റ്റീസിന്റെ കീഴിലുള്ള ഐ.സി.ഡി.എസ്. എന്നിവ വഴി ഈ പദ്ധതി നടപ്പിലാക്കാനാണ് നിർദ്ദേ ശം.

## വിദ്യാഭ്യാസ വകുപ്പിന്റെ ചുമതലകൾ

സംസ്ഥാനത്തെ എല്ലാ ഗവൺമെന്റ്/എയ്ഡഡ്/അൺഎയ്ഡഡ് സ്കൂളുകളിലെയും ആറാംക്ളാസ്സുമുതൽ പന്ത്രണ്ടാം ക്ളാസ്സുവരെ പഠിക്കുന്ന ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും ആഴ്ചതോറും ഓരോ അയൺഫോളിക്ആസിഡ് ഗുളികവീതം ഒരു വർഷത്തിൽ 52 ഗുളികകളും, വർഷത്തിൽ രണ്ടുതവണ (ആറുമാസത്തിലൊരിക്കൽ) വിരനിവാരണഗുളിക (ആൽബന്റസോൾ) കളും വിതരണം നടത്തുക എന്നതാണ് വിദ്യാഭ്യാസവകുപ്പിന്റെ ചുമതല. ഇതിലേക്ക് ആവശ്യമായ നോഡൽ ടീച്ചറിനെ നിശ്ചയിക്കുക അവരെ ഉപയോഗിച്ച് ഒരു വർഷത്തേക്ക് ആവശ്യമുള്ള ഗുളികകളുടെ എണ്ണം ശേഖരിച്ച് ആരോഗ്യവകുപ്പിന് നൽകുക. ആരോഗ്യവകുപ്പ് നൽകുന്ന ഗുളികകൾ യഥാസമയം എല്ലാ സ്കൂളിലെയും നോഡൽ അധ്യാപകരുടെ ചുമതലയിൽ അതാത് ക്ളാസ് അധ്യാപകരുടെ മേൽനോട്ടത്തിൽ എല്ലാ തിങ്കളാഴ്ചയും ഉച്ചഭക്ഷണത്തിശേഷം ഐ.എഫ്.എ. ഗുളികകൾ കുട്ടികൾക്ക് വിതരണം നടത്തുകയും കുട്ടികളോടൊപ്പം അധ്യാപകരും ഗുളിക കഴിക്കേണ്ടതും കുട്ടികൾ ഗുളിക കഴിച്ചു എന്ന് ഉറപ്പ് വരുത്തിയ ശേഷം കുട്ടികളുടെ ഇൻഡിവിഡ്വൽ കംപ്ളൈയൻസ് കാർഡിൽ രേഖപ്പെടുത്തി വയ്ക്കുകയും ഇതിന് ക്ളാസ്സ് ടീച്ചർ നിർദ്ദിഷ്ട രജിസ്റ്റർ സൂക്ഷിക്കുകയും നോഡൽ ഓഫീസർ പ്രതിമാസ റിപ്പോർട്ടുകൾ തയ്യാറാക്കി ഹെഡ്മാസ്റ്റർ മുഖേന അയയ്ക്കുകയും ചെയ്യേണ്ടതായിട്ടുണ്ട്.

## ഈ പദ്ധതിയുടെ നടത്തിപ്പ് താഴെപ്പറയുംപ്രകാരമാണ്.

- ഓരോ സ്കൂളിലേയ്ക്കും ആവശ്യമുള്ള നോഡൽ അധ്യാപകരെ കണ്ടെത്തുന്നു.
- നോഡൽ അധ്യാപകർക്ക് പരിശീലനം നൽകുന്നു.
- സംസ്ഥാനത്ത് നടന്നുവരുന്ന ഉച്ചഭക്ഷണപരിപാടിയുടെ അനുബന്ധമായിട്ടാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. ഈ പദ്ധതി നടപ്പിലാക്കുന്നതിന്റെ ചുമതലയും മേൽനോട്ടവും ജില്ലാതല വിഫ്സ് ഉപദേശകസമിതിക്കാണ്. ജില്ലാതല ഉപദേശകസമിതി ജനുവരി 21നും 25നും ഇടയ്ക്ക് രൂപീകരിക്കേണ്ടതാണ്.
- അധ്യയന വർഷാരംഭത്തിൽ നോഡൽ അധ്യാപകരുടെ നേതൃത്വത്തിൽ ഓരോ സ്കൂളിനും ഒരു വർഷത്തേക്ക് ആവശ്യമുള്ള ഐ.എഫ്.എ, ആൽബന്റസോൾ ഗുളികളുടെ കണക്കെടുപ്പ്.
- ഗുളികകളുടെ എണ്ണം, സ്കൂൾ/ഉപജില്ല/വിദ്യാഭ്യാസജില്ല/റവന്യൂ ജില്ലാ തലങ്ങളിൽ ക്രോഡീകരിച്ച് ഒരു വർഷത്തേക്ക് ആവശ്യമുള്ള ഗുളികകളുടെ എണ്ണം വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാർ ബന്ധപ്പെട്ട ജില്ലാമെഡിക്കൽ ഓഫീസർക്ക് നല്കുകയും ആയതിന്റെ പകർപ്പ് ഡി.പി.ഐ. യ്ക്ക് അയച്ചുതരികയും ചെയ്യുന്നു.

- ആരോഗ്യവകുപ്പ് ഓരോ സ്കൂളിലേക്കും രണ്ടുമാസത്തേക്ക് ആവശ്യമുള്ള ഗുളികകൾ എത്തിക്കുന്നു.
- നോഡൽ അധ്യാപകർ ബന്ധപ്പെട്ട എച്ച്.എം.ന്റെ നേതൃത്വത്തിൽ ഗുളികകൾ കൈപ്പറ്റിയശേഷം അവ നേരിട്ടു സൂര്യപ്രകാശം തട്ടാത്തതും പൊടിയും ഈർപ്പവും ഇല്ലാത്തതുമായ സ്ഥലത്ത് സുരക്ഷിതമായി സൂക്ഷിക്കണം
- നോഡൽ അദ്ധ്യാപകർ ഓരോതിങ്കളാഴ്ചയിലേക്കും ആവശ്യമുള്ള ഗുളികകൾ അതാത് ക്ലാസ്സുഅധ്യാപകർക്കു നല്കണം.
- എല്ലാ തിങ്കളാഴ്ചയും ഉച്ചഭക്ഷണത്തിശേഷം ഓരോ കുട്ടിക്കും ഒരു ഐ.എഫ്.എ ഗുളിക വീതം വിതരണം നടത്തേണ്ടതാണ്.
- കുട്ടികളോടൊപ്പം ക്ലാസ്സ് ടീച്ചറും ഓരോ ഗുളിക കഴിക്കേണ്ടതാണ്.
- ആഗസ്റ്റ്, ഫെബ്രുവരി മാസങ്ങളിൽ ഓരോ ആൽബന്റസോൾ ഗുളികകൾ കൂടി വിതരണം നടത്തേണ്ടതാണ്.
- നോഡൽ അധ്യാപകർ ക്ലാസ് അധ്യാപകരിൽ നിന്നും ഗുളികകളുടെ ഉപയോഗത്തിന്റെ പ്രതിമാസ കണക്കുകൾ ശേഖരിക്കുകയും അവ സ്കൂൾ/ഉപജില്ല/വിദ്യാഭ്യാസജില്ല/റവന്യൂ ജില്ലാ തലങ്ങളിൽ നിർദ്ദിഷ്ട ഫോർമാറ്റുകളിൽ ക്രോഡീകരിച്ച് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാർ, ജില്ലാമെഡിക്കൽ ഓഫീസർക്ക് നല്കുകയും ആയതിന്റെ പകർപ്പ് ഡി.പി.ഐ. യ്ക്ക് നല്കുകയും വേണം.
- ഓരോ റവന്യൂ ജില്ലയിലും സംസ്ഥാനതലത്തിൽ പരിശീലനം ലഭിച്ച അധ്യാപകരെ ഉപയോഗിച്ച് യു.പി., ഹൈസ്കൂൾ, ഹയർസെക്കന്ററി, വൊക്കേഷണൽ ഹയർസെക്കന്ററി വിഭാഗത്തിലുള്ള നോഡൽ അധ്യാപകർക്ക് സംയുക്തമായി ഉപജില്ലാതലത്തിൽ 4.2.13 മുതൽ 8.2.13 വരെയുള്ള തീയതികളിൽ പരിശീലനം നല്കേണ്ടതാണ്.

## ജില്ലാ ഉപദേശകസമിതി

താഴെപ്പറയുന്നവരെ ഉൾപ്പെടുത്തി ജില്ലാ ഉപദേശകസമിതി രൂപീകരിക്കേണ്ടതാണ്.

1. ജില്ലാപഞ്ചായത്ത് പ്രസിഡന്റ്-ചെയർമാൻ
2. ജില്ലാ കളക്ടർ -കോ- ചെയർമാൻ
3. ആർ.സി.എച്ച്.ഒ.- കൺവീനർ
4. ആരോഗ്യവകുപ്പിലെ പ്രതിനിധികൾ-ഡി.എം.ഒ., ഡി.പി.എം.
5. വിദ്യാഭ്യാസ വകുപ്പിലെപ്രതിനിധികൾ-ഡി.ഡി.ഇ., ഡി.ഇ.ഒ.മാർ, ഡയറ്റ് പ്രിൻസിപ്പൽ, ജില്ലാതലകോർഡിനേറ്റർ ഹയർസെക്കന്ററി/വൊക്കേഷണൽ ഹയർസെക്കന്ററി
6. ജില്ലാപഞ്ചായത്ത്- ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ
7. ജില്ലാപഞ്ചായത്ത്-വെൽഫെയർ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ
8. എസ്.ജെ .വകുപ്പിലെ പ്രതിനിധികൾ-ഡി.എസ്.ജെ.ഒ.

## കമ്മിറ്റി താഴെപ്പറയുന്ന കാര്യങ്ങൾ വിലയിരുത്തേണ്ടതാണ്.

1. പ്രോഗ്രാം നടത്തിപ്പിന്റെ നിലവാരവും പ്രതിമാസ റിപ്പോർട്ട് സമർപ്പണത്തിന്റെ കൃത്യതയും
2. ഡബ്ള്യു.എച്ച്.എൻ.ഡി.-കൾ പോലുള്ള വേദികളുമായി സഹകരിച്ച് പൊതുസമൂഹത്തെ ബോധവൽക്കരിക്കുക.
3. പരിശീലനം
4. സമയാസമയങ്ങളിൽ ആവശ്യമായ ഐ.എഫ്.എ ഗുളികകളുടെയും ആൽബന്റസോൾ ഗുളികകളുടെയും വിതരണം
5. കൗൺസിലിംഗ് ഉപാധികളുടെയും ആരോഗ്യബോധവൽക്കരണവിദ്യാഭ്യാസപരിപാടി (ഐ.ഇ.സി.) യുടെയും സാധ്യതയും ഉപയോഗവും.

## വിദ്യാഭ്യാസ ഡെപ്യൂട്ടിഡയറക്ടർമാരുടെ ചുമതല

1. വിദ്യാഭ്യാസ ഉപഡയറക്ടർമാർ ജില്ലാതല വിഫ്സ് കമ്മിറ്റിയിലെ അംഗമായിരിക്കും
2. ജില്ലയിലെ എല്ലാ ഗവൺമെന്റ്/എയ്ഡഡ്/അൺഎയ്ഡഡ് സ്കൂളുകളിലും വിഫ്സ് പദ്ധതി നടപ്പിലാക്കുന്നതിന്റെയും വിവരശേഖരണം, മോണിറ്ററിംഗ്, റിപ്പോർട്ടിംഗ് എന്നിവ നടത്തുന്നതിന്റേയും പൂർണ്ണമായ ചുമതല ഡി.ഡി.ഇ യിൽ നിക്ഷിപ്തമാണ്.
3. ജില്ലയിലെ സ്കൂളുകളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ നോഡൽ ഓഫീസർമാരുടെ ലിസ്റ്റ് നൽകേണ്ടത് ഡി.ഡി.ഇ ആണ്.
4. ഒരു ജില്ലയ്ക്ക് ആവശ്യമായ ഐ.എഫ്.എ ഗുളികകളുടെയും ആൽബന്റസോൾ ഗുളികകളുടെയും എണ്ണം ശേഖരിച്ച് നിർദ്ദിഷ്ടപെർഫോർമയിൽ തയ്യാറാക്കി സ്കൂൾ ഹെൽത്ത് പ്രോഗ്രാമിന്റെ ചുമതലയുള്ള ജില്ലാ ഹെൽത്ത് ഓഫീസർക്ക് നല്കേണ്ടതാണ്.
5. അനക്സ്ചർ നാലിൽ എ.ഇ.ഒ./ ഡി.ഇ.ഒ./ ഹയർസെക്കന്ററി/വൊക്കേഷണൽ ഹയർസെക്കന്ററി കോ ഓർഡിനേറ്റർമാർ എന്നിവർ സമർപ്പിക്കുന്ന ഗുളികകളുടെ ഉപയോഗം സംബന്ധിച്ച പ്രതിമാസ റിപ്പോർട്ടുകൾ ക്രോഡീകരിച്ച് നിശ്ചിത ദിവസം ബന്ധപ്പെട്ട സ്കൂൾ ഹെൽത്ത് പ്രോഗ്രാമിന്റെ ചുമതലയുള്ള ജില്ലാമെഡിക്കൽ ഓഫീസറെ ഏൽപ്പിക്കുക.
6. ഡി.ഇ.ഒ./എ.ഇ.ഒ./ എച്ച്. എം./നോഡൽടീച്ചർമാർ എന്നിവർക്കുള്ള പരിശീലന ബോധവൽക്കരണപരിപാടിയുടെ പൂർത്തീകരണം ഡി.ഡി.ഇ. ഉറപ്പുവരുത്തുകയും ഐ.ഇ.സി. ഉപാധികൾ സ്കൂളുകളിൽ പ്രദർശിക്കപ്പെട്ടുവെന്ന് ബോധ്യപ്പെടുത്തുകയും ചെയ്യണം. ഇതിനോടു ബന്ധപ്പെട്ട ട്രെയിനിംഗ് ടൂൾസും അനുബന്ധ ഫോർമാറ്റുകളും ഹെൽത്ത്ഡിപ്പാർട്ടുമെന്റ് നേരിട്ട് നല്കുന്നതാണ്.
7. ഹയർസെക്കന്ററി/വൊക്കേഷണൽ ഹയർസെക്കന്ററി വിഭാഗത്തിന്റെ പദ്ധതി നടപ്പിലാക്കുന്നതിന്റെ ജില്ലാതലമേൽനോട്ടവും നോഡൽ അധ്യാപകപരിശീലനത്തിന്റെചുമതലയും ഡി.ഡി.(ഇ)മാർക്കാണ്.

4. എന്തെങ്കിലും കാരണവശാൽ ഐ.എഫ്.എ ഗുളിക കഴിക്കുന്നതിൽ മുടക്കം വന്നിട്ടുണ്ടെങ്കിൽ ആ ആഴ്ചയിൽ തന്നെ ഗുളിക കഴിപ്പിക്കുന്നതിൽ പ്രത്യേക ശ്രദ്ധ നൽകണം.
5. പുതിയ അദ്ധ്യയനവർഷം തുടങ്ങിയാൽ ഉടൻ പദ്ധതി ആരംഭിക്കേണ്ടതാണ്.
6. രക്ഷാകർത്താക്കളുടെ മേൽനോട്ടത്തിൽ അവധിക്കാലത്ത് കഴിക്കുന്നതിന് ആവശ്യമായ ഐ.എഫ്.എ ഗുളികകൾ സ്കൂൾ അടയ്ക്കുന്നതിനുമുമ്പ് കുട്ടികൾക്ക് നല്കണം.
7. നേരിട്ടുള്ള സൂര്യപ്രകാശത്തിൽ നിന്നും അകലെയായി ഈർപ്പമോ പൊടിയോ ഇല്ലാത്ത സ്ഥലത്ത് വളരെ വൃത്തിയായി ഒരു വർഷത്തേയ്ക്കുള്ള ഐ.എഫ്.എ ഗുളികകൾ സൂക്ഷിക്കേണ്ടതാണ്.
8. വിഫ്സ് പദ്ധതി നല്ലരീതിയിൽ നടക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തണം.

## നോഡൽ ടീച്ചറുടെ ചുമതലകൾ

1. ആറാം ക്ളാസ്സുമുതൽ പന്ത്രണ്ടാം ക്ളാസ്സുവരെയുള്ള കുട്ടികൾ എല്ലാ തിങ്കളാഴ്ചയും ഉച്ചഭക്ഷണം കഴിഞ്ഞ് ഐ.എഫ്.എ ഗുളികകൾ കഴിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തണം. ഐ.എഫ്.എ ഗുളികകൾ കഴിക്കുവാൻ മറ്റു ടീച്ചർമാരെയും പ്രോത്സാഹിപ്പിക്കണം.
2. എന്തെങ്കിലും കാരണവശാൽ തിങ്കളാഴ്ച ഐ.എഫ്.എ ഗുളിക കഴിക്കുന്നതിൽ മുടക്കം വന്നിട്ടുണ്ടെങ്കിൽ ആ ആഴ്ചയിൽ തന്നെ ഗുളിക കഴിപ്പിക്കുന്നതിൽ പ്രത്യേക ശ്രദ്ധ നൽകണം.
3. എല്ലാ സ്കൂളുകളിലും പുതിയ അദ്ധ്യയനവർഷം തുടങ്ങിയാൽ ഉടൻ പദ്ധതി ആരംഭിക്കേണ്ടതാണ്.
4. രക്ഷാകർത്താക്കളുടെ മേൽനോട്ടത്തിൽ അവധിക്കാലത്ത് കഴിക്കുന്നതിന് ആവശ്യമായ ഐ.എഫ്.എ ഗുളികകൾ സ്കൂൾ അടയ്ക്കുന്നതിനുമുമ്പ് കുട്ടികൾക്ക് നല്കണം.
5. നേരിട്ടുള്ള സൂര്യപ്രകാശത്തിൽ നിന്നും അകലെയായി ഈർപ്പമോ പൊടിയോ ഇല്ലാത്ത സ്ഥലത്ത് വളരെ വൃത്തിയായി ഒരു വർഷത്തേയ്ക്കുള്ള ഐ.എഫ്.എ ഗുളികകൾ സൂക്ഷിക്കേണ്ടതാണ്
6. ഗുളികകളുടെ കണക്കുകൾ നിശ്ചിത ഫോർമാറ്റിൽ അനക്സർ (3) യിൽ തയ്യാറാക്കി ഹെഡ്മാസ്റ്റർക്ക് സമർപ്പിക്കേണ്ടതാണ്.

## ക്ലാസ്സ് ടീച്ചറുടെ ചുമതലകൾ

1. നോഡൽ ടീച്ചർ നല്കിയ ഗുളികകൾ എല്ലാ തിങ്കളാഴ്ചയും ഉച്ചഭക്ഷണം കഴിഞ്ഞ് കുട്ടികൾ കഴിച്ചു എന്ന് ഉറപ്പുവരുത്തണം.
2. കുട്ടികളോടൊപ്പം ക്ലാസ്സ് ടീച്ചറും ഓരോ ഗുളിക കഴിക്കേണ്ടതാണ്.

8. ജില്ലാ-കോർഡിനേറ്റർമാരിൽ നിന്നുള്ള വിവരശേഖരണം, റിപ്പോർട്ടിങ്ങ്, മോണിറ്ററിങ്ങ് മുതലായവയും ചെയ്യേണ്ടത് ഡി.ഡി.(ഇ) ആണ്.

## എ.ഇ.ഒ./ഡി.ഇ.ഒ./ഹയർസെക്കന്ററി/വൊക്കേഷണൽഹയർസെക്കന്ററി കോ-ഓർഡിനേറ്റർമാരുടെ ചുമതലകൾ

1. ജില്ലാതലത്തിലുള്ള ഗുളികകളുടെ വിതരണത്തിനായി സ്കൂളുകളുടെ ആവശ്യങ്ങൾ സമാഹരിച്ച് ഡി.ഡി.(ഇ) യ്ക്ക് കൈമാറുക.

2. ഓരോ മാസവും ഉപയോഗിച്ച ഗുളികകളുടെ എണ്ണം ഹെഡ്മാസ്റ്റർമാരിൽനിന്നും വാങ്ങി ക്രോഡീകരിച്ച് അനക്സർ (4) ൽ നിശ്ചിതദിവസം ബന്ധപ്പെട്ട ഡി.ഡി.(ഇ) മാർക്ക് നല്കേണ്ടതാണ്. ഹയർസെക്കന്ററി/വൊക്കേഷണൽഹയർസെക്കന്ററി പ്രിൻസിപ്പൾമാരും അനക്സർ (4) ലുള്ള പ്രതിമാസറിപ്പോർട്ട് ബന്ധപ്പെട്ട ഡി.ഡി.(ഇ) മാർക്ക് നല്കേണ്ടതാണ്.

3. ഐ.എഫ്.എ ഗുളികളുടെയും വിരനിവാരണ ഗുളികകളുടെയും വിതരണം നിർബാധം നടത്തുന്നതിന് സ്കൂളുകളിൽ വിതരണപദ്ധതി നടപ്പാക്കുക.

4. സ്കൂളുകളിൽ ഐ.എഫ്.എ ഗുളികളുടെയും വിരനിവാരണ ഗുളികകളുടെയും സംഭരണം ഉചിതമായ രീതിയിലാണെന്ന് ഉറപ്പുവരുത്തുക.

5. സ്കൂളുകളിൽ നിന്ന് ലഭിക്കുന്ന വിവരങ്ങൾ ഡി.ഡി.(ഇ)യുമായി മാസാമാസം പങ്കുവയ്ക്കുക.

6. നാലുമാസത്തിലൊരിക്കൽ പദ്ധതി വിലയിരുത്തുന്നതിന് മീറ്റിംഗ് സംഘടിപ്പിക്കേണ്ടതാണ്.

7. സ്കൂളുകളിൽ ഐ.ഇ.സി. സാമഗ്രികൾ പ്രദർശിപ്പിക്കുക.

## ഹെഡ്മാസ്റ്റർമാർ/പ്രിൻസിപ്പൽമാരുടെ ചുമതലകൾ

1. സ്കൂൾതല നോഡൽ ഓഫീസറെ തെരെഞ്ഞടുക്കുക.
2. അധ്യയനവർഷാരംഭത്തിൽ ഒരു വർഷത്തെയ്ക്ക് ആവശ്യമായ ഐ.എഫ്.എ ഗുളികളുടെയും ആൽബന്റസോൾ ഗുളികളുടെയും നോഡൽ അദ്ധ്യാപകർ തയ്യാറാക്കുന്ന കണക്കുകൾ ഹെഡ്മാസ്റ്റർമാർ ബന്ധപ്പെട്ട എ.ഇ.ഒ./ഡി.ഇ.ഒ.മാർക്കും, ഹയർസെക്കന്ററി/വൊക്കേഷണൽഹയർസെക്കന്ററി പ്രിൻസിപ്പൽമാർ അതത് ജില്ലാ കോ-ഓർഡിനേറ്റർമാർക്കും നല്കേണ്ടതാണ്.
3. ഓരോ മാസവും "ഉപയോഗിക്കുന്ന ഗുളികകളുടെ പ്രതിമാസ കണക്കുകൾ" അനക്സർ (3) യിൽ നോഡൽ ടീച്ചർ തയ്യാറാക്കിയത് ഹെഡ്മാസ്റ്റർമാർ നിശ്ചിതദിവസം തന്നെ ബന്ധപ്പെട്ട എ.ഇ.ഒ./ഡി.ഇ.ഒ.മാർക്കും, ഹയർസെക്കന്ററി/വൊക്കേഷണൽഹയർസെക്കന്ററി പ്രിൻസിപ്പൽമാർ അതത് ജില്ലയിലെ കോ-ഓർഡിനേറ്റർമാർക്കും നല്കേണ്ടതാണ്.

3. ഗുളിക കഴിച്ചശേഷം കംപ്ളയിൻസ് കാർഡ് അനക്സർ (1) കുട്ടികളെക്കൊണ്ട് രേഖപ്പെടുത്തണം. മാസാവസാനം ഗുളികകളുടെ ഉപയോഗം സംബന്ധിച്ച കണക്ക് ക്രോഡീകരിച്ച് നോഡൽ ടീച്ചറെ ഏൽപ്പിക്കണം. ഇതുമായി ബന്ധപ്പെട്ട നിർദ്ദിഷ്ടഫോർമിലുള്ള രജിസ്റ്ററിൽ (അനക്സർ 2) ഓരോ കുട്ടിക്കും കൊടുത്ത ഗുളികകളുടെ കണക്ക് അതാത് ദിവസം തന്നെ എഴുതി സൂക്ഷിക്കേണ്ടതാണ്.
4. കുട്ടികൾക്കുള്ള ഇൻഡിവിഡ്വൽ കംപ്ലയിന്റ് കാർഡ് ആറാം ക്ലാസ്സുമുതൽ പന്ത്രണ്ടാം ക്ലാസ്സുവരെ ഉപയോഗിക്കേണ്ടതായതിനാൽ കുട്ടികളുടെ കൈയ്യിൽ കൊടുത്തുവിടരുത്.

ജില്ലാ മോണിറ്ററിംഗ്

സ്കൂൾ/ഉപജില്ല/ജില്ല/സംസ്ഥാനതല മോണിറ്ററിംഗ് യഥാക്രമം ഹെഡ്മാസ്റ്റർ/എ.ഇ.ഒ./ഡി.ഇ.ഒ/ഡി.ഡി. എന്നിവർ നടത്തേണ്ടതും ജില്ലാതല വിഫ്സ് കമ്മിറ്റിയുമായി ചർച്ച ചെയ്തു ഗുണനിലവാരം ഉറപ്പുവരുത്തേണ്ടതുമാണ്.

ജില്ലാതലമോണിറ്ററിങ്ങ് കമ്മിറ്റിയുടെ റിപ്പോർട്ടിനനുസൃതമായി സംസ്ഥാനതല മോണിറ്ററിങ്ങ് നടത്തുന്നതാണ്. അതിനാൽ ക്ലാസ്സ് ടീച്ചർമുതൽ ഡി.ഡി.(ഇ) വരെയുള്ള ഉദ്യോഗസ്ഥർ മേൽപ്പറഞ്ഞകാര്യങ്ങൾ കൃത്യമായും വീഴ്ച വരുത്താതെ നിർവഹിക്കേണ്ടതാണ്.

**പൊതുവിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി**

**എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും**

**എല്ലാ ജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും**

**എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും**